ആധാരത്തിൽ വിലക്കുറവ്

92 [3979] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ആധാരം നടത്തുമ്പോൾ മനഃപൂർവ്വമായോ അല്ലാതെയോ ഭൂമി വിലകുറച്ച് കാണിച്ച് ആധാരം നടത്തിയാൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കാൻ നിയമം പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം കേരളത്തിൽ ഏതെങ്കിലും ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ 1994-ൽ ഭേദഗതി വരുത്തിക്കൊണ്ടു വന്നിട്ടുള്ള സെക്ഷൻ 45 (സി) യിലാണ് ഭൂമി വില കുറച്ച് കാണിച്ച് ആധാരം നടത്തിയാൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത്.

(സി) ഇല്ല.

ആധാരം എഴുത്തുകാർക്ക് പെൻഷൻ

93 [3980] *ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാർക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഈ കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സുപ്രധാന സ്ഥാനങ്ങളിൽ അഴിമതി രഹിതരായ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി

94 [3981] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
,, *സ്റ്റീഫൻ ജോർജ്:*
,, *ജോസഫ് എം. പുതുശ്ശേരി:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ സംബന്ധമായി വൻതോതിൽ നടക്കുന്ന കൈക്കൂലി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു നിയന്ത്രിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ;

(സി) സുപ്രധാന സ്ഥാനങ്ങളിൽ സൽപ്പേരുള്ള ഉദ്യോഗസ്ഥരെ നിയമിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ ആരോപണത്തിന്റെ പേരിൽ ഈയടുത്തകാലത്ത് സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് വകുപ്പ് റെയ്ഡ് നടത്തിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യത്തിൻമേൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സുപ്രധാന തസ്തികകളിൽ കഴിവും യോഗ്യതയുമുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചുവരുന്നത്.

പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം

95 [3982] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ രൂപം കൊടുത്ത വനിതാ സ്വയം സഹായ സംഘങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നോ സർക്കാരിൽ നിന്നോ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ;

(ബി) ത്രിതല പഞ്ചായത്തുകളിൽ പുരുഷ സ്വയം സഹായ സംഘങ്ങളുടെ രൂപീകരണത്തിന് പഞ്ചായത്തുകൾ പ്രോത്സാഹനം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം സംഘങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്. ജി. എസ്. വൈ. പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്ന സ്വയം സഹായ സംഘങ്ങൾ സ്ത്രീകളുടേതോ, പുരുഷൻമാരുടേതോ, സ്ത്രീകളും പുരുഷൻമാരും അംഗങ്ങളായതോ ആകാവുന്നതാണ്.

(സി) എസ്. ജി. എസ്. വൈ. പദ്ധതി പ്രകാരം പുരുഷൻമാരുടെ സ്വയം സഹായ സംഘങ്ങൾക്കും ഇപ്പോൾ ധനസഹായം നൽകി വരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (3924), (3936), (3943), (3946), (3947), (3948), (3949), (3950), (3952), (3953), (3954), (3955), (3956), (3957), (3958), (3959), (3960), (3961), (3962), (3963), (3964), (3965), (3966), (3967), (3969) എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly